LIBRARY ARCHIVES Kerala Legislative Assembly

സൈബർ കുറ്റകൃത്യങ്ങൾ

163 (168) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ബോധവത്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്. ജനമൈത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായും 'ജനമൈത്രീ പോലീസ് വിദ്യാലയങ്ങളിലേയ്ക്ക്' എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ കുട്ടികളെ ബോധവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടെലിഫിലിമുകളും വീഡിയോ ഫിലിമുകളും കുട്ടികളുടെ മുന്നിൽ പ്രദർശിപ്പിച്ചും വരുന്നു. ഇതുകൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവത്കരണ ക്ലാസുകൾ നൽകിവരുന്നു.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, സൈബർ സെല്ലുകൾ, ജനമൈത്രീ പോലീസ്, സാമൂഹ്യക്ഷേമവകുപ്പ്, അതാത് സ്കൂളിലെ പി.റ്റി.എ.-കൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്.

(സി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവത്കരണം, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, മൊബൈൽഫോൺ എന്നിവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഓൺലൈൻ ലോട്ടറി തട്ടിപ്പ്, ക്രെഡിറ്റ് കാർഡ് തട്ടിപ്പ്, ഇൻഫർമേഷൻ ടെക്നോളജി ആക്ട് എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

(ഡി) മേൽ വിവരിച്ചതിനുപുറമെ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് പോലീസിന്റെ ഭാഗത്തു നിന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ വരുത്തേണ്ട കാലികമായ മാറ്റങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

കൊല്ലം റൂറൽ പോലീസ് ജില്ലയിൽ എ.ആർ. ക്യാമ്പ്

164 (169) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ എ.ആർ. ക്യാമ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) പുനലൂർ ആസ്ഥാനമാക്കി എ.ആർ. ക്യാമ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കെ.എ.പി. മൂന്നാം ബറ്റാലിയനിലെ രണ്ട് കമ്പനി സേനയെ കൊല്ലം റൂറൽ പോലീസ് സേനക്കായി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; അടിയന്തരമായി പ്രസ്തുത സേനയെ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാരിന്റെ പരിഗണനയിലില്ല.

(സി) അത്യാവശ്യ ക്രമസമാധാനപാലന ഡ്യൂട്ടിക്കായി കെ.എ.പി. 3-ാം ബറ്റാലിയനിൽ നിന്നും പോലീസുകാരെ നിയമിച്ചുവരുന്നു.

ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

165 (170) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly